കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുത്തൂർ ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1297/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഫോൺ : 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 07.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുത്തൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 1-ാം ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-6 ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1297/2017 തീയതി: 07.08.2017

## തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 .സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09-10-2016 മുതൽ 07-07-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2016 മുതൽ 31-03--2017 തിയ്യതി വരെവിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-07-2017 മുതൽ 15-07-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലത.എം.എൻ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.ബിത.ടി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ബി.സുനിൽ | സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ .ബിജീഷ്. എ.എസ്. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മിനി ഉണ്ണികൃഷ്ണൻ. 01-04-2016 മുതൽ 31.03.17 വരെ | |
| | ശ്രീ.എ.എസ്. തമ്പി സെക്രട്ടറി, | 01-04-2016 മുതൽ 11-08-2016 വരെ |
| | ശ്രീമതി. ശ്രീകല.വി.ജി. (അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ ചാർജ്ജ്) | 12-08-2016 മുതൽ 19-12-2016 വരെ |
| | ശ്രീമതി. അജിത.കെ. ആർ,സെക്രട്ടറി | 20-12-2016 മുതൽ 31-03-2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അർച്ചന വിശ്വനാഥ് | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രാജീവ്.കെ.കെ. | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ആദിത്ത്.എസ്. | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അഭിലാഷ്.എം.ജെ | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. രമ്യ.എസ്.പിള്ള | 01-04-2016 മുതൽ 23-01-2017 വരെ |
| | ഡോ. സീമ ആന്റണി.എൻ. | 24-01-2017 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ശ്രീനിവാസൻ.കെ. | 01-04-2016 മുതൽ 31-10-2016 വരെ |
| | ഡോ.ജോൺപോൾ ചിരിയൻകണ്ടത്ത് | 01-11-2016 മുതൽ 31-03-2017 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി പി.പി.ഗിരിജ | 01-04-2016 മുതൽ 31-05-2016 വരെ |
| | ശ്രീമതി.മല്ലിക.എ. | 01-06-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. - പുത്തൂർ സർക്കിൾ | ശ്രീമതി.ബിന്ദു.കെ | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. - മരത്താക്കര സർക്കിൾ | ശ്രീ.നിജു ജോസ്.കെ | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. - മാന്ദാമംഗലം സർക്കിൾ | ശ്രീ.സിബി തോമസ് | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബിന്ദു ആന്റണി. | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ശ്രീകല.വി.ജി | 01-04-2016 മുതൽ 04-01-2017 വരെ |
| | ശ്രീ.കിൻസ് ബോയ്.ടി. | 05-01-2017 മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സ്മൃതി വാസുദേവൻ | 01-04-2016 മുതൽ 31-03-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | വസ്തുനികുതിയിനത്തിൽ വൻ തുകയുടെ കുടിശിക | 2-1 |
| 13 | തൊഴിൽ നികുതി കുടിശിക | 2-2 |
| 14 | ഡി & ഒ ലൈസൻസ് പരിശോധന | 2-3 |
| 15 | സ്ഥാപനതൊഴിൽ നികുതി പരിശോധന | 2-4 |
| ഭാഗം 3 | | |
| 16 | പഞ്ചായത്ത് കമ്മറ്റി മിനിട്സ് നിയമാനുസൃതം എഴുതി പരിപാലിയ്ക്കുന്നില്ല | 3-1 |

| | | |
|---|---|---|
| 17 | മരാമത്ത് പ്രോജക്ടുകൾ- ലക്ഷ്യം കൈവരിയ്ക്കുന്നതിൽ പരാജയം | 3-2 |
| 18 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-3 |
| 19 | ഇ-ടെണ്ടർ,ടെണ്ടർ ഫോം വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ് | 3-4 |
| 20 | കെ.എസ്.ഇ.ബി.,വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമൊത്ത് സംയുക്ത പരിശോധന നടത്തി നിരക്കുകൾ നിർണ്ണയിച്ചിട്ടില്ല | 3-5 |
| 21 | ആശ്രയ ഫണ്ട് നിഷ്ക്രിയമായി കിടക്കുന്നു | 3-6 |
| 22 | ആശ്രയ പദ്ധതി പൊതു അവലോകനം | 3-7 |
| 23 | അംഗനവാടികളുടെ ഭൗതിക സാഹചര്യം | 3-8 |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പൊതു അവലോകനം | 3-9 |
| 25 | മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ പദ്ധതികൾ | 3-10 |
| 26 | മെഡിക്കൽ ഓഫീസർ പി,എച്ച്.സി. നടപ്പിലാക്കിയ പദ്ധതികൾ | 3-11 |
| 27 | ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഭവന ധനസഹായം-പണം ചെലവഴിക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 3-12 |
| 28 | ഹെഡ്മാസ്റ്റർ - ഗവൺമെന്റ് എൻ. പി. സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ. | 3-14 |
| 29 | മാലിന്യ നിർമ്മാർജ്ജനം - പദ്ധതി വിഭാവനം ചെയ്തതിൽ അപാകം - ലക്ഷ്യം നേടിയില്ല. | 3-13 |
| ഭാഗം 4 | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം | 4-9 |
| | അനുബന്ധം-1, ഓഡിറ്റ് സ്റ്റട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 04-03-2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 30-06-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 12-07-2017 |

വാർഷിക കണക്കിലെ അപാകതകൾ

1)31.03.2017 ൽ നീക്കിയിരിപ്പുള്ള വസ്തുനികുതിയുടെ താരതമ്യ പട്ടിക താഴെ ചേർക്കുന്നു

| മുൻ വർഷങ്ങളിലെ വസ്തുനികുതി കുടിശിക (ലൈബ്രറി സെസ് ഉൾപ്പെടെ) | | | തൻവർഷത്തെ വസ്തുനികുതി കുടിശിക (ലൈബ്രറി സെസ് ഉൾപ്പെടെ) | | |
|---|---|---|---|---|---|
| 2015-16 വാർഷിക കണക്കു | ഡിമാന്റ് രജിസ്റ്റർ പ്രകാരം | 2016-17 വാർഷിക കണക്കു | 2016-17 വാർഷിക കണക്ക് | ഡിമാന്റ് രജിസ്റ്റർ പ്രകാരം | 2016-17 വാർഷിക കണക്കു |

| പ്രകാരം | | പ്രകാരം (B-15) | ഡിമാന്റ് പ്രകാരം | | പ്രകാരം (B-15) |
|---|---|---|---|---|---|
| 49,91,110 | 58,85,612 | 55,99,741 | 33,23,681 | 33,89,774 | 32,25,893 |

മേൽ വിവരിച്ച പ്രകാരം തൻ വർഷത്തെ വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള വസ്തുനികുതി നീക്കിയിരിപ്പുതുകകൾ മുൻവർഷത്തെ കണക്കുമായും, തൻവർഷത്തെതന്നെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കണക്കുമായും പൊരുത്തപ്പെടുന്നില്ല.

2) ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ, 2016-17 വർഷത്തിൽ ₹86,320/- പിരിച്ചെടുക്കുന്നതിനായി ബാക്കി നിൽക്കുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.

3)ഡെപ്പോസിറ്റ് വർക്കിന് 2016-17 വർഷത്തിൽ 16,11,311/- രൂപ നിർവ്വഹണ ഏജൻസികളിലേയ്ക്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത വർക്കുകൾക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ആയത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.

4)നാളിതുവരെയുള്ള ആസ്തി ബാധ്യത വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല
5)മുൻവർഷത്തെ സർട്ടിഫിക്കറ്റിൽ പറയുന്ന മേൽ പറഞ്ഞ അപാകതകൾ ഇതുവരെയും പരിഹരിച്ചിട്ടില്ല.

6) വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

7) ഡിമാന്റ് പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
8)നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2016-17 ലെ ഓഡിറ്റ് സാക്ഷ്യപത്രം, ഓഡിറ്റിന് വിധേയമാക്കിയ വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, രസീറ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,90,17,277 |
| വരവ് | 7,79,10,772 |
| ആകെ | 11,69,28,049 |
| ചെലവ് | 7,30,31,285 |
| നീക്കിയിരിപ്പ് | 4,38,96,764 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,70,39,872 | 1,70,39,872 | 1,70,39,872 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 87,78,295 | 87,78,295 | 87,78,295 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 4,72,412 | 4,72,412 | 4,72,412 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9,47,368 | 9,47,368 | 9,47,368 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 30,10,761 | 30,10,761 | 30,10,761 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 78,04,331 | 78,04,331 | 78,04,331 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 18,64,667 | 18,64,667 | 18,64,667 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 3,099 | 2,14,07,311 | 2,14,10,410 | 2,14,06,434 | 3,976 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 98060441 | 106 | 45957143 | 8 | 104 | 48.62 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)എം.എൻ. ലക്ഷം വീട് നവീകരണം

2) രാജീവ് ഗാന്ധി ശാക്തീകരണ അഭിയാൻ പദ്ധതി

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം6.05ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 90,32,422 | 83,16,310 | (-)716112 | (-)7.9 |
| നികുതിയേതര വരവുകൾ | 5,07,977 | 2780461 | (+)22,72,484 | (+)447.35 |
| മറ്റുവരവുകൾ | 1969085 | 11,09,453 | (-)8,59,632 | (-)43.66 |
| ആകെ | 11509484 | 12206,224 | 6,96,740 | (+)6.05 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 137760 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 7806340 | 865 |
| വിധവാപെൻഷൻ | 26816415 | 2225 |
| വാർദ്ധക്യകാലപെൻഷൻ | 32796445 | 3484 |
| വികലാംഗപെൻഷൻ | 4582345 | 495 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2072425 | 202 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 13,659/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന രജിസ്റ്ററുകൾ എഴുതി പരിപാലിച്ചിട്ടില്ലാത്തതാണ്.

1)പേ ബിൽ രജിസ്റ്റർ

2) ഇൻക്രിമെന്റ് രജിസ്റ്റർ

3) അക്വിറ്റൻസ് രജിസ്റ്റർ

4) ജനറേറ്ററിന്റെ ലോഗ് ബുക്ക്

5)വേക്കൻസി റമിഷൻ രജിസ്റ്റർ

6) വിമുക്ത ഭടൻമാർക്ക് നികുതി ഒഴിവാക്കിനല്കിയതു സംബന്ധിച്ച രജിസ്റ്റർ

7) ജീപ്പിന്റെ ലോഗ് ബുക്ക് എഴുതുന്നുണ്ടെങ്കിലും, ഇന്ധനഉപഭോഗം സംബന്ധിച്ച 'മന്തിലി അബ്സ്ട്രാക്റ്റ്' എഴുതുന്നില്ല

രജിസ്റ്ററുകളുടെ ശരിയായ വിധത്തിലുള്ള പരിപാലനം ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ജൂൺ -2017 | 3/2016-17 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | മാർച്ച്-2015 | 2009-10 മുതൽ 2013-14 | 19.5.15 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതിയിനത്തിൽ വൻ തുകയുടെ കുടിശ്ശിക

മുൻ വർഷങ്ങളിലെ വസ്തുനികുതി കുടിശ്ശികയിനത്തിലും, തൻവർഷത്തെ തന്നെ വസ്തുനികുതി കുടിശ്ശികയിനത്തിലുമായി, ലൈബ്രറി സെസ് ഉൾപ്പെടെ 2016-17 വർഷത്തിൽ ₹92,75, 386/- പിരിച്ചെടുക്കാതെ അവശേഷിയ്ക്കുന്നതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു. പ്രസ്തുതതുക 2016-17 വർഷത്തെ പഞ്ചായത്തിന്റെ പദ്ധതി അടങ്കലിന്റെ ഏകദേശം 10% വരുന്ന തുകയാണ്. വികസനാവശ്യത്തിനടക്കമുള്ള പഞ്ചായത്തിന്റെ ദൈനംദിന ആവശ്യത്തിനുപയോഗിക്കേണ്ട നികുതിപണം പിരിച്ചെടുക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. കുടിശ്ശിക നിർമ്മാർജ്ജനത്തിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി കുടിശ്ശിക

2016-17 വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നായി കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. ആയത് പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഡിമാന്റ് നമ്പർ (ഡിമാന്റ് രജിസ്റ്റർ പ്രകാരം) | തുക (₹) |
|---|---|---|---|
| 1 | ജനറൽ ക്ലേ കമ്പനി, ഒല്ലൂർ | 6 | 1080 |
| 2 | ശിവ പാക്കേജസ്, മരത്താക്കര | 7 | 480 |
| 3 | എസ്.ടി.ഡി. സിറാമിക്സ്, മരത്താക്കര | 9 | 810 |
| 4 | ഫാത്തിമ്മ ടൈൽസ്, മരത്താക്കര | 10 | 1110 |
| 5 | മീനാക്ഷി സിറാമിക്സ്, മരത്താക്കര | 47 | 900 |
| 6 | മഹീന്ദ്ര ഈറൻ മോട്ടോഴ്സ് കുട്ടനെല്ലൂർ | 48 | 1250 |
| 7 | മുത്തൂറ്റ് ഫിൻകോർപ്പ് ലി. മരോട്ടിച്ചാൽ | 78 | 1770 |
| 8 | ബാങ്ക് ഓഫ് ഇൻഡ്യാ, പൊന്നൂക്കര | 80 | 2500 |
| 9 | SITU RAMSON ഇൻഡസ്ട്രീസ് ലി.പടവരാട് | 95 | 3150 |
| 10 | കുർലോൺ എന്റർപ്രൈസ്സ് ലി. | 94 | 2500 |

| | | | |
|---|---|---|---|
| 11 | SOLGEN എനർജി പ്രൈ.ലി. പടവരാട് | 91 | 23960 |
| 12 | ജയലക്ഷമി എന്റർപ്രൈസസ് ഒല്ലൂർ | 96 | 4650 |
| 13 | സെന്റ് സെബ്യാസ്റ്റ്യൻ. എച്ച്.എസ്. മാമംഗലം | 99 | 25000 |
| 14 | ഭാസ്കരൻ മുത്തുപറമ്പിൽ, മരത്താക്കര | 100 | 960 |
| 15 | സെന്റ് ജോർജ്ജ് സിറാമിക്സ് | 101 | 1320 |
| 16 | സൺ സിറാമിക്സ്, മരത്താക്കര | 102 | 600 |
| 17 | സൂര്യാ സിറാമിക്സ്, മരത്താക്കര | 103 | 600 |
| 18 | ഹാർവസ്റ്റ് ക്യാറ്റേഴ്സ് പ്രൈ.ലി. | 133 | 600 |
| 19 | പെന്റാ ഫിൻ കോർപ്പ് | 69 | 300 |
| 20 | (രജിസ്റ്ററിൽ പേര് രേഖപ്പെടുത്തിയിട്ടില്ല) | 134 | 7250 |

## 2-3 ഡി & ഒ ലൈസൻസ് പരിശോധന

ഡി & ഒ ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു:

1. ഗ്രാമ പഞ്ചായത്തിലെ ഡി & ഒ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഡിമാന്റിന്റെ കൃത്യത പരിശോധിയ്ക്കുന്നതിനായില്ല.

2. പരിശോധനയ്ക്ക് ഹാജരാക്കിയ ഡി & ഒ രജിസ്റ്ററിൽ രേഖപ്പെടുത്തിയ പല അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡി & ഒ രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | ലൈസൻസിയുടെ പേര് | സ്ഥാപനോദ്ദേശ്യം |
|---|---|---|---|
| 1 | 507 | ക്രിസ്റ്റോ ജോർജ്ജ് | സോളാർ പാനൽ വിൽപന |
| 2 | 542 | എം എൻ കുമാരൻ | ഹാർഡ് വെയർ സാധനങ്ങൾ |
| 3 | 557 | ജോസഫ് ജോയ് | ഓഫ് ലൈൻ ഓൺ ലൈൻ നാളികേര ഉത്പന്നങ്ങൾ |

| | | | |
|---|---|---|---|
| 4 | 567 | സി എ ഫ്രാൻസിസ് | ഇലക്ട്രിക്കൽ ഹാർഡ് വെയർ |

3)ഡി&ഒ അപേക്ഷകൾ പലതും അപൂർണ്ണമാണ്. അപേക്ഷകളിന്മേലുള്ള അന്വേഷണ റിപ്പോർട്ടും അംഗീകരിച്ചു കൊണ്ടുള്ള സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലും ഭൂരിഭാഗം അപേക്ഷയിലും ഇല്ലാത്തതാണ്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡി & ഒ രജിസ്റ്റർ പ്രകാരമുള്ള ക്രമ നം. | ലൈസൻസിയുടെ പേര് | സ്ഥാപനോദ്ദേശ്യം |
|---|---|---|---|
| 1 | 508 | വി എം കൃഷ്ണൻ | പച്ചക്കറി വിൽപന |
| 2 | 543 | സജി ഫ്രാൻസിസ് | കേക്ക് നിർമ്മാണം |
| 3 | 627 | വി വി കുര്യാക്കോസ് | സിമന്റ് കട്ട നിർമ്മാണം |
| 4 | 680 | സിനി വിൻസെന്റ് | ബേക്കറി ഹോട്ടൽ സാധനങ്ങൾ |

## 2-4 സ്ഥാപനതൊഴിൽ നികുതി പരിശോധന

സ്ഥാപനതൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു:

1. സ്ഥാപനതൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്. ഡേ ബുക്കിൽ ഉള്ള തൊഴിൽ നികുതി അടച്ച പല രശീതികളുടെയും വിവരങ്ങൾ തൊഴിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത സ്ലാബുകളിലല്ലാതെ തൊഴിൽ നികുതി പിരിച്ചതായി ഡേ ബുക്കിൽ കാണുന്നു.

| ക്രമ നം. | രസീതി നം. | പേര് | തീയതി | തുക | നിശ്ചിത സ്ലാബ് |
|---|---|---|---|---|---|
| 1 | 11604101089 | ജോസ് | 11/05/2016 | 410 | 450 |
| 2 | 11604101091 | ജോസ് | 11/05/2016 | 410 | 450 |
| 3 | 11604101097 | ബിന്ദു | 12/05/2016 | 613 | 750 |
| 4 | 11604101126 | ടൈറ്റസ്.കെ. എസ് | 12/05/2016 | 404 | 450 |

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് കമ്മറ്റി മിനിട്സ് നിയമാനുസൃതം എഴുതി

## പരിപാലിയ്ക്കുന്നില്ല

കേരള പഞ്ചായത്തീരാജ് (പഞ്ചായത്ത് യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(1) മുതൽ (10) പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസ്സാക്കിയ തീരുമാനങ്ങളുടേയും പ്രമേയങ്ങളുടേയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും, യോഗനടപടികളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷൻെറ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച്, ആവശ്യമായ തിരുത്തൽ വരുത്തി അദ്ധ്യക്ഷൻ , സെക്രട്ടറിയ്ക്ക് തിരികെ നല്കേണ്ടതും, സെക്രട്ടറി ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷൻെറ ഒപ്പ് വാങ്ങേണ്ടതുമാണ്.

പുത്തൂർ ഗ്രാമപഞ്ചായത്തിൽ 10-07-2017-ന് ഓഡിറ്റ് തുടങ്ങിയ തിയ്യതിമുതൽ നിരവധി തവണ വാക്കാലും, 14-07-2017ന് ഓഡിറ്റ് എൻക്വയറി:3 മുഖേനയും ആവശ്യപ്പെട്ടിട്ടും 14-07-2017ന് ഉച്ചതിരിഞ്ഞാണ് പഞ്ചായത്ത് കമ്മറ്റി മിനിട്സ് പരിശോധനയ്ക്കായി ഹാജരാക്കിയത്. പ്രസ്തുത മിനിട്സ് പരിശോധിച്ചതിൽ പലദിവസങ്ങളിലേയും മിനിട്സ് എഴുതി പൂർത്തിയാക്കി പഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തികാണുന്നില്ല. ഉദാഹരണമായി ചില തിയ്യതികൾ ഇതു സഹിതം ചേർക്കുന്നു 03-10-2016, 26-10-2016, 31-10-2016, 21-11-2016, 01-12-2016, 13-12-2016, 24-12-2016.

പഞ്ചായത്തിലെ ഏറ്റവും പ്രധാന രേഖയായ മിനിട്സ് ബുക്ക് നിയമം അനുശാസിയ്ക്കുംവിധം പരിപാലിയ്ക്കുന്നതിൽ ഭരണാധികാരികൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രോജക്ടുകൾ-- ലക്ഷ്യം കൈവരിയ്ക്കുന്നതിൽ പരാജയം

2016-17 വർഷത്തിൽ ആകെ 124 മരാമത്തു പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതിൽ 36 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കാനായത്. 2016-17 വർഷത്തിൽ മരാമത്തു പ്രോജക്ടുകൾക്കു വേണ്ടി വകയിരുത്തിയിരുന്ന 4,82,28,281 രൂപയുടെ മൊത്തം അടങ്കലിൽ, 99,25,732 രൂപ മാത്രമാണ് ചെലവഴിച്ചത്. മൊത്തം അടങ്കലിന്റെ 20.5% . 3,83,02,549 രൂപ ചെലവഴിയ്ക്കാനായില്ല. ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത 80ശതമാനത്തോളം മരാമത്ത്പദ്ധതികളും നടപ്പിലാക്കുന്നതിനായിട്ടില്ല . 2016-17 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ പൊതുമരാമത്ത് പ്രവൃത്തിയിൽ ലക്ഷ്യം കൈവരിയ്ക്കുന്നതിൽ കാര്യമായ പുരോഗതി നേടുന്നതിനായി പഞ്ചായത്തിന് കഴിഞ്ഞില്ല എന്നു കാണാവുന്നതാണ്.

## 3-3 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2016-17 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ തുക | ചെലവ് വിവരം | ആർക്കുകൊടുത്തു | റിമാർക്സ് |
|---|---|---|---|---|---|
| 1 | 45/16-17- സാമൂഹ്യ സുരക്ഷാമിഷനു വിഹിതം കൈമാറൽ | 100000 | 100000<br>ട്രഷറി ബിൽ നമ്പർ: 8/28.10.16 | എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ-തിരുവനന്തപുരം | വിനിയോഗ്യ സാക്ഷ്യപത്രം ഇല്ല |
| 2 | 239/17<br>പുത്തൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണവൈദ്യുതീകരണം | 1,65000 | 100000<br>ട്രഷറി ബിൽ നമ്പർ<br>24/28.3.17 | എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഇലക്ട്രിക്കൽ ഡിവിഷൻ<br>(ഈസ്റ്റ് )KSEBഭവനം, തൃശൂർ-4 | പൂർത്തീകരണ സർട്ടിഫിക്കറ്റ് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 3 | 219/17മരോട്ടിച്ചാൽ STകോളനിയിൽ സ്ട്രീറ്റ്മെയിൻ വലിയ്ക്കൽ | 50472 | 46488ട്രഷറി ബിൽ<br><br>നമ്പർ- 28/28.3.2017 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ(ഈസ്റ്റ്), KSEBഭവനം, കോട്ടപ്പുറം തൃശ്ശൂർ | പൂർത്തീകരണ വിവരം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 4 | 47/16-17തെരുവുവിളക്കുകളില്ലാത്ത സ്ഥലങ്ങളിൽ തെരുവുവിളക്ക് സ്ഥാപിയ്ക്കൽ | 900000 | 8,99,874ട്രഷറി ബിൽ നമ്പർ<br>29/28.3.17-494314<br>30/28.3.17-225487<br>42/31.3.17--165123<br>41/31.3.17-14950 | do | do |
| 5 | 42/16-17-റോഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 500000 | 4,64,949 ട്രഷറി ബിൽ നമ്പർ<br>22/20.3.17-212930<br>27/28.3.17-178167<br>31/28.3.17-48324<br>38/31.3.17-25528 | do | do |

## 3-4 ഇ-ടെണ്ടർ,ടെണ്ടർ ഫോം വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്

2015-16 വർഷം ഇ-ടെണ്ടർ ചെയ്ത 8 പ്രവൃത്തികൾ, 2016-17 വർഷം ഇ-ടെണ്ടർ ചെയ്ത 8 പ്രവൃത്തികൾ എന്നിവയ്ക്കായി ടെണ്ടർ ഫോം വില + വാറ്റ് ഇനത്തിൽ കരാറുകാർ അടവാക്കിയിട്ടുള്ള 29,800/- രൂപയിൽ ടെണ്ടർ ഫോമിന്റെ വില പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ആയത് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-5 കെ.എസ്.ഇ.ബി.,വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമൊത്ത് സംയുക്ത പരിശോധന നടത്തി നിരക്കുകൾ നിർണ്ണയിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി.യിൽ 42,31,136/-രൂപയും, പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ 26,04,000/-രൂപയും അടവാക്കിയിട്ടുള്ളതാണ്. എന്നാൽ യഥാർത്ഥത്തിലുള്ള ഉപഭോഗത്തിനനുസൃതമായ തുകയാണോ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കിയിട്ടുള്ളത് എന്ന് പരിശോധന നടത്തിയതായ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. KSEB, വാട്ടർ അതോറിറ്റി സ്ഥാപനങ്ങളും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും യഥാർത്ഥ ഉപഭോഗത്തിനനുസൃതമായ നിരക്കുമാത്രമാണ് അടവാക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-6 ആശ്രയ ഫണ്ട് നിഷ്ക്രിയമായി കിടക്കുന്നു

പുത്തൂർ ഗ്രാമ പഞ്ചായത്തിലെ ആശ്രയ പദ്ധതി, പ്ലാൻ ഫണ്ട് തുക കൈകാര്യം ചെയ്യുന്നതിനായി കനറാ ബാങ്ക് പുത്തൂർ ശാഖയിൽ പരിപാലിച്ചുവരുന്ന 3533101001663 നമ്പർ അക്കൗണ്ടിൽ 31.03.2017 ന് 13,56,859 രൂപ ചെലവഴിക്കാതെ ബാലൻസായി നിലനിൽക്കുന്നതായി കാണുന്നു. സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ള അഗതികളും, നിരാലംബരുമായവർക്കായി പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച്, ബാങ്ക്

അക്കൗണ്ടിൽ സൂക്ഷിച്ചുവരുന്ന തുക ചെലവഴിക്കാതെ നിലനിർത്തുന്നത് നിലവിലെ നിയമങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. പ്രസ്തുത തുക അംഗീകാരം ലഭിച്ച പദ്ധതിപ്രകാരം അടിയന്തിരമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

# 3-7 ആശ്രയ പദ്ധതി പൊതു അവലോകനം

| | ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 92 | 61 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 92 | 61 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 18 | 4 |
| 4 | നാളിതുവരെ ലഭിച്ചവർ | 6 | 1 |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 45 | 14 |
| 6 | നാളിതുവരെ ലഭിച്ചവർ | 20 | 12 |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 35 | 14 |
| 8 | നാളിതുവരെ ലഭിച്ചവർ | 25 | 7 |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | - | |
| 10 | നാളിതുവരെ ലഭിച്ചവർ | - | |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 92 | - |
| 12 | നാളിതുവരെ ലഭിച്ചവർ | 5 | - |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | 19 | - |
| 14 | നാളിതുവരെ ലഭിച്ചവർ | 9 | - |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | 92 | 61 |
| 16 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി | 55 | 57 |

| | | | | |
|---|---|---|---|---|
| | പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | | | |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 34,79,842 | 7,69,546 |
| | | ചലഞ്ച് ഫണ്ട് | 10,00,000 | 5,00,000 |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 14,91,122 | 5,95,000 |
| | | ചലഞ്ച് ഫണ്ട് | 7,91,896 | 1,18,068 |
| 19 | നീക്കിയിരിപ്പ് * | പ്ലാൻ ഫണ്ട് | 19,88,720 | 1,74,546 |
| | | ചലഞ്ച് ഫണ്ട് | 2,08,104 | 3,81,932 |
| 20 | ചെലവ് ശതമാനം | പ്ലാൻ ഫണ്ട് | 76 | 83 |
| | | ചലഞ്ച് ഫണ്ട് | 79.18 | 42.37 |

നീക്കിയിരിപ്പ് തുക സെക്രട്ടറി ഹാജരാക്കിയ കണക്കുപ്രകാരമുള്ളതാണ് പട്ടികയിൽ കാണിച്ചിട്ടുള്ളത്. എന്നാൽ പ്ലാൻ അക്കൗണ്ടിൽ (നമ്പർ:3533101001663 കാനറാ ബാങ്ക്,പുത്തൂർ)13,56,589രൂപയും, ചലഞ്ച് ഫണ്ട് അക്കൗണ്ടിൽ (നമ്പർ:855710110000851, ബാങ്ക് ഓഫ് ഇന്ത്യ, മരോട്ടിച്ചാൽ)17,12,386രൂപയും 31-03-2017 തിയ്യതിയിൽ നീക്കിയിരിപ്പുള്ളതായി പരിശോധനയിൽ കാണുകയുണ്ടായി. സമൂഹത്തിലെ നിരാശ്രയരെ ഉദ്ദേശിച്ചുകൊണ്ടുള്ള ആശ്രയപദ്ധതിപ്രകാരമുള്ള ഫണ്ട് സമയബന്ധിതമായി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 അംഗനവാടികളുടെ ഭൗതിക സാഹചര്യം

പുത്തൂർ ഗ്രാമ പഞ്ചായത്ത് അംഗനവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | പുത്തൂർ ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളുടെ എണ്ണം | 52 | |
| 2 | അംഗനവാടി കുട്ടികളുടെ എണ്ണം (അംഗനവാടി തിരിച്ച്) | 343 | |

| | | | |
|---|---|---|---|
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 46 | |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 5 | ഒരെണ്ണത്തിന് വാടക അടവാക്കുന്നില്ല |
| 5 | അംഗനവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചീനിയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 23-05-2017 തിയ്യതിയിൽ ICDS സൂപ്പർവൈസർ ICDS/0LA/ 460/ 2017 നമ്പർ അപേക്ഷ നല്കി,ആയത് 05-06-2017ന് സെക്രട്ടറി, L.S.G.D. എഞ്ചീനിയർക്ക് കൈമാറിയതായി ICDSസൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്, എന്നാലും അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചീനിയർസാക്ഷ്യപത്രം നല്കിയിട്ടില്ല<br><br>ഈ നടപടി 30-12-2016ലെ തദ്ദേശ സ്വയം ഭരണം(ഇ.ഡബ്ള്യൂ) വകുപ്പ് സർക്കുലർ792455/ഇ.ഡബ്ള്യൂ3/ 2016/ ത.സ്വ.ഭ.വ-യിലെ നിർദ്ദേശത്തിന്റെ ലംഘനമാണ് | |
| 7 | ശൗച്യാലയങ്ങളുള്ളത് | 50 | 2 എണ്ണത്തിന് ശൗച്യാലയമില്ല |
| 8 | ചുറ്റുമതിലുള്ളത് | 34 | |
| 9 | വൈദ്യുതീകരിച്ചത് | 52 | |
| 10 | വാട്ടർ കണക്ഷനുള്ളത് | 24 | |
| 11 | ധാന്യ സംഭരണിയുള്ളത് | 52 | |
| 12 | എൽ.പി.ജി. കൺക്ഷനുള്ളത് | 52 | |
| 13 | ബേബി ഫ്രണ്ടിലിയായത് | - | |
| 14 | 31-03-2017 തിയ്യതിയിൽ അംഗണവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുദിച്ച തുകയിൽ, ഗ്രാമ പഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | 9,38,388 | |

മേൽ വിശദാംശത്തിൽ നിന്നും രണ്ട് അങ്കണവാടികൾക്ക് നിലവിൽ ശൗച്യാലയങ്ങൾ ഇല്ലാ എന്നതാണ്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ശൗച്യാലയങ്ങൾ നിർമ്മിച്ചുനല്കുന്നതിനുള്ള സത്വര നടപടി പഞ്ചായത്ത് ഭരണാധികാരികളിൽ നിന്ന് ഉണ്ടാവേണ്ടതും, അംഗനവാടി കെട്ടിടത്തിന്റെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനിയർ/ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പൊതു അവലോകനം

2016-17വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | 2016-17 വർഷത്തെ മൊത്തം അടങ്കൽ | 2,14,07,311 | |
| 2 | 2016-17 വർഷത്തെ മുൻ ബാക്കി | 3,099 | |
| 3 | 2016-17 വർഷത്തെ ആകെ വരവ് | 2,14,10,410 | |
| 4 | 2016-17 വർഷത്തെ ആകെ ചെലവ് | 2,14,06,434 | |
| 5 | 2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 3,976 | |
| 6 | 2016-17 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 233 | |
| 7 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 216 | |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 4966 | |
| 9 | 2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | |
| സ്ത്രീ | | പുരുഷൻ | ആകെ |
| 61853 | | 4509 | 66362 |
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
| 8090 | 2516 | 55756 | 66362 |
| 11 | 2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1482 | |
| 12 | 2016-17 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 86 | |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ | - | |

| | | |
|---|---|---|
| | രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം | 1,97,77,474 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2017 വിതരണം ചെയ്യാൻ കുടിശ്ശികയുള്ള വേതനം | 24,80,519 |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 66 | 1,06,06,133 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 3 | 73,597 |
| 3 | ചെറുകിട ജലസേചനം | 3 | 2,70,834 |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 4 | 1,15,143 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 25 | 24,55,117 |
| 6 | ഭൂവികസനം | 53 | 42,22,520 |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | - | - |
| 8 | മറ്റുള്ളവ | 79 | 24,40,990 |
| 9 | ആകെ | 233 | 2,01,84,334 |

## 3-10 മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ പദ്ധതികൾ

ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ:193/2017 പുത്തൂർ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നും അനുബന്ധ സാമഗ്രികളും, പ്രോജക്ട് നമ്പർ:194/2017 മരത്താക്കര എസ്.സി. ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നും അനുബന്ധ സാമഗ്രികളും, എന്നീ പ്രോജക്ടുകളിലായി ഒരുലക്ഷം രൂപവീതം, ആകെ രണ്ടു ലക്ഷം രൂപ 24-11-2016ന് യഥാക്രമം ഡി.ഡി. നമ്പർ:949157,949156 എന്നിവ മുഖേന ഹോംകോയിൽ അടവാക്കിയിട്ടുള്ളതും, ആയതിന് 25-01-2017 തിയ്യതിയിൽ ഹോംകോ, 2435,2436 എന്നീ നമ്പരിൽ രശീതി അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ ഈ ഇനത്തിൽ യാതൊരു മരുന്നും ഡിസ്പെൻസറികളിൽ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികൾ

കെ.എം.സി.എല്ലി-ൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകളിലായി മരുന്ന് ലഭ്യമാക്കുന്നതിന് കെ.എം.സി.എല്ലി-ൽ 3,00,664 രൂപ അടവാക്കിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 1 | 26/17,പുത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തലേയ്ക്ക് മരുന്നുവാങ്ങൽ | 1,00,000 |
| 2 | 27/17 പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് | 15,167 |
| 3 | 28/17 ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി | 6081 |
| 4 | 32/17 സാന്ത്വന പരിചരണ പരിപാടി | 179416 |
| | ആകെ | 3,00,664 |

## 3-12 ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഭവന ധനസഹായം - പണം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു,

പദ്ധതി നമ്പർ : 211/ 17

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ മാന്ദാമംഗലം

" ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഭവനധനസഹായം ."

അടങ്കൽ തുക : 540,000

ചെലവ് : 480,000

മേൽ പറഞ്ഞ പദ്ധതിയിലെ ചെലവു തുക കുടുംബശ്രീ സി ഡി എസ് അക്കൗണ്ടിലേക്ക് 30.03.2017 ന് കൈമാറിയിട്ടുണ്ട്. (a/c no. 3533101001663) രണ്ടു ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ രണ്ടു മുതൽ നാലു വരെ ഘട്ടങ്ങൾക്കുള്ള തുകയാണ് 180000,180000, 120000 (ട്രഷറി ബിൽ നം.4 തീയതി 29.3.17, നം.5 തീയതി 29.3.17, നം.6 തീയതി 29.3.17) എന്നിങ്ങനെ ഗഡുക്കളായി കൈമാറിയത്. എന്നാൽ ആശ്രയ ഭവനനിർമാണ രജിസ്റ്റർ പരിശോധിച്ചതിൽ നാലാം ഗഡു 1,20,000 രൂപ ഓഡിറ്റ് തിയ്യതി വരെയും ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല എന്നു കാണുന്നു. യാഥാർത്ഥത്തിൽ ചെലവുവരാതെ പ്ലാൻഫണ്ട് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് 12.04.2006 ലെ സർക്കാർ ഉത്തരവ് (പി)177/2006 ധനം പ്രകാരമുള്ള ധനവിനിയോഗമാർഗ്ഗരേഖക്ക് വിരുദ്ധമാണ്. മേരിജോസ്, കട്ടപ്പൻ, എന്ന രണ്ടു ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയത് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും ചെലവഴിക്കാതെ ആശ്രയ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 1,20,000 രൂപ ഗുണഭോക്താക്കൾക്ക്

കൈമാറുന്നതിനും വേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ഹെഡ്മാസ്റ്റർ - ഗവൺമെന്റ് എൽ. പി. സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ.

1. പദ്ധതി നമ്പർ 13/17 : പുത്തൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഇ-സാക്ഷരതായജ്ഞം.

അടങ്കൽ തുക : 6,00,000

ചെലവ് : 178686, ട്രഷറി ബിൽ നം.7/16-17 തീയതി 30.3.17

ഗുണഭോക്താക്കൾ : 23

2. പദ്ധതി നമ്പർ 97 /17 : പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര.

അടങ്കൽ തുക : 6,00,000

ചെലവ് : 562200, ട്രഷറി ബിൽ നം.4/16-17 തീയതി 30.3.17

ഗുണഭോക്താക്കൾ : 150

3. പദ്ധതി നമ്പർ 98 /17 : പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര.

അടങ്കൽ തുക : 60,000

ചെലവ് : 43805, ട്രഷറി ബിൽ നം.3/16-17 തീയതി 30.3.17

4. പദ്ധതി നമ്പർ 100 / 17 : ജി.ജെ.ബി എസ് മതിക്കുന്ന് സ്കൂളിലേക്ക് ഡെസ്ക്, ബെഞ്ച് എന്നിവ.

അടങ്കൽ തുക : 2,00,000

ചെലവ് : 193497, ട്രഷറി ബിൽ നം.2/16-17 തീയതി 30.3.17

5. പദ്ധതി നമ്പർ 101 /17 : മതിക്കുന്ന്, ചെറുകുന്ന് സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ.

അടങ്കൽ തുക : 1,00,000

ചെലവ് : 82600, ട്രഷറി ബിൽ നം.5/16-17 തീയതി 30.3.17

6. പദ്ധതി നമ്പർ 102 /17 : പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്.

അടങ്കൽ തുക : 13,20,000

ചെലവ് : 1173449, ട്രഷറി ബിൽ നം.6/16-17 തീയതി 30.3.17

മേൽപ്പറഞ്ഞ പദ്ധതികളുടെ ഫയലും അനുബന്ധരേഖകളും കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃപ്രൊജക്ടുകൾക്ക് കൈപ്പറ്റ് രേഖകൾ പൂർണ്ണമല്ല. പഞ്ചായത്ത് വാങ്ങൽ സമിതിയുടെ മിനിട്ട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അനുബന്ധരേഖകളിൽ ഭരണസമിതി തീരുമാനം സൂക്ഷിച്ചിട്ടില്ല. വാങ്ങൽ നടത്തിയ കമ്പനികളുമായി ഏർപ്പെട്ട എഗ്രിമെന്റിന് സാധുതയില്ല. എഗ്രിമെന്റിന് ആവശ്യമായ വിവരങ്ങൾ ചേർത്ത് നിർവ്വഹണ ഉദ്യോഗസ്ഥ ഒപ്പുവെച്ചിട്ടില്ല.

(എ) മേൽപ്പറഞ്ഞ പ്രൊജക്ടുകളിൽ ക്രമ നമ്പർ 1 പദ്ധതി നമ്പർ 13 /17 ലെ 23 ഗുണഭോക്താക്കൾക്ക് ടാബ് ലെറ്റ് കമ്പ്യൂട്ടർ നൽകിയിട്ടുണ്ട്. എന്നാൽ ആയതിൽ താഴെ പറയുന്ന 9 പേരുടെ കൈപ്പറ്റുരശീതി രജിസ്റ്ററിലോ അപേക്ഷാ ഫയലിനോടൊപ്പമോ വാങ്ങിയിട്ടില്ല.

1. ആൽബിൻ പി പി

2. അനിത കെ എസ്

3. ബീന ഷാജു

4. സൗരവ് കെ എം

5. ലിപിൻ കര്യാക്കോസ്

6. വിനോദ് കെ കെ

7. സ്നേഹ ഷാജൻ

8. ചാൾസ് ഡേവിഡ്

9. ഹിമമോൾ കെ രവി

ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രൊജക്റ്റിലെ ചെലവുതുക 178686 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു (ട്രഷറി ബിൽ നം.7/16-17 തീയതി 30.3.17).

(ബി) ക്രമനമ്പർ 2 പദ്ധതി നമ്പർ പ്രകാരം 97/17 പട്ടികജാതി വിദ്യാർത്ഥികൾക്ക് 150 വീതം മേശ,കസേര വിതരണം ചെയ്തതിന്റേയും കൈപ്പറ്റ രസീതുകൾ ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിൽ കുറെ വിദ്യാർത്ഥികളുടെ പേരുകൾ രേഖപ്പെടുത്തി ഒപ്പ് വാങ്ങിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. അർഹരായ വിദ്യാർത്ഥികളുടെ പട്ടികയും അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ കൃത്യമാക്കി പദ്ധതി ചെലവിന്റെ സാധുത ബോധ്യപ്പെടാത്ത സാഹചര്യത്തിൽ ആകെ ചെലവ് 562200 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 മാലിന്യ നിർമ്മാർജ്ജനം - പദ്ധതി വിഭാവനം ചെയ്തതിൽ അപാകം - ലക്ഷ്യം നേടിയില്ല.

പദ്ധതി നമ്പർ 213 /17 : ഗാർഹിക ബയോഗ്യാസ് യൂണിറ്റും വെർമികമ്പോസ്റ്റ് യൂണിറ്റും.

അടങ്കൽ തുക : 1090800

ചെലവ് : 214800

നിർവ്വഹണ ഉദ്യോഗസ്ഥ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മേൽ പ്രൊജക്റ്റ് പ്രകാരം 100 ഗുണഭോക്താക്കൾക്ക് ബയോ ഗ്യാസ് പ്ലാന്റും 34 പേർക്ക് വെർമി കമ്പോസ്റ്റ് യൂണിറ്റും നൽകാൻ ലക്ഷ്യമിട്ടിരുന്നു. 0.5$m^3$ (2.5kg/ day) ശേഷിയുള്ള FRP യിൽ നിർമ്മിച്ച വാട്ടർ ജാക്കറ്റ് ഉള്ള ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യാൻ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷനെ ഏജൻസിയായി നിശ്ചയിച്ചു (01.03.2017 ലെ 7(2) ഭരണസമിതി തീരുമാനം). 7500 സബ്സിഡിയും 3000 രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഗുണഭോക്തൃവിഹിതം അടച്ച 94 പേരിൽ 28 പേർക്ക് ആദ്യഘട്ടമായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു നൽകി. 15.07.2017 ന് ഓഡിറ്റ് നടത്തിയ സാമ്പിൾ സ്ഥലപരിശോധനയിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകളിൽ നിന്നും 10 മിനിറ്റ് കത്തിക്കാൻ ആവശ്യമായ വാതകമേ ലഭ്യമാകുന്നുള്ളൂ എന്ന് ഗുണഭോക്താക്ക ളായ വീട്ടമ്മമാർ അറിയിച്ചു. ഗാർഹിക ഉപയോഗത്തിന് ഉപയുക്തമല്ലാത്ത ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചതു വഴി മേൽ പദ്ധതി ലക്ഷ്യം നേടിയില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,50,000 | സാന്ത്വന പരിചരണം | 2,50,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,25,000 | ക്ഷീര കർഷകർക്ക് ധന സഹായം | 4,25,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | - | - | മേത്തുള്ളിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ | 47,800 | 1,90,089 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,50,000 | സാന്ത്വന പരിചരണം | 2,23,672 | 26,328 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016-17 | 4,00,000 | മണലിപ്പുഴ വൃത്തിയാക്കൽ | ഇല്ല | 4,00,000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,00,000 | കരുവന്നൂർ വാട്ടർ ഷെഡ് പ്ലാൻ ക്ലസ്റ്റർ | 65917 | 34083 |
| ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചിർ | - | 61,071 | - | - | 61,071 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | റോഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 4,64,949 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ഇല്ലാത്തിടങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | 8,99,874 | -do- | |
| കെ.എസ്.ഇ.ബി | മരോട്ടിച്ചാൽ കോളനിയിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ | 46,488 | -do- | |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 1,00,000 | -do- | |
| എക്സിക്യൂട്ടീവ് ഡയരക്ടർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ-തിരുവനന്തപുരം | 45/16-17-സാമൂഹ്യസുരക്ഷാമിഷനു വിഹിതം കൈമാറൽ | 100000 | -do- | |
| ആകെ | | 16,11,311 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36,617രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-15 | 30,000 | കെ.ജി.സൂര്യൻ, അസി.എഞ്ചിനീയർ | 11604103919/ 06-10-2016 |

| | | | | |
|---|---|---|---|---|
| 2014-15 | 3-15 | 6,617 | കെ.ജി.സൂര്യൻ, അസി.എഞ്ചിനീയർ | 11604103866/ 04-10-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 2006-07 | 3-2 | കേസുകളുടെ നടത്തിപ്പ് | |
| ലഭ്യമല്ല | ലഭ്യമല്ല | 2006-07 | 3-7,3-8 | പദ്ധതി രൂപീകരണ ചെലവ് | |
| ലഭ്യമല്ല | ലഭ്യമല്ല | 2007-08 | 3-4 | തനതുഫണ്ട് ചെവവ് കന്നുകുട്ടി പരിപാലനം | |
| ലഭ്യമല്ല | ലഭ്യമല്ല | 2008-09 | 3-4-1 | ഗുണഭോക്തൃപദ്ധതികൾ കുടുബശ്രീയെ ഏൽപ്പിച്ച് പണം നൽകി | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,79,10,772 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,30,31,285 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,40,886 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13(1)<br>3-13(2) | 1,78,686<br>5,62,200 | ശ്രീമതി. മല്ലിക.എ., ഹെഡ് മിസ്ട്രസ്, മതിക്കുന്ന് ജെ.ബി.എസ്. പൊന്നൂക്കര |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മല്ലിക.എ., ഹെഡ്മിസ്ട്രസ്, മതിക്കുന്ന് ജെ.ബി.എസ്. പൊന്നൂക്കര | ശ്രീമതി. മല്ലിക.എ., ഹെഡ്മിസ്ട്രസ്, മതിക്കുന്ന് ജെ.ബി.എസ്. പൊന്നൂക്കര | ശ്രീമതി. മല്ലിക.എ., ഉപ്പതി ഹൗസ്, കൊലുക്കുള്ളി(പി.ഒ) 680751 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83, 84-85 മുതൽ 93-94 വരെ | എൽ.എഫ്.ടി(എസ്.2)- 1640/11/ തീയതി 28.10.11/ 06.12.11 | |
| 1994-95, 95-96 | എൽ.എഫ്.ടി.(എസ്.2) - 1640/11/ തീയതി 28.10.11/ 06.12.11 | |
| 1996-97 | എൽ.എഫ്.ടി.(എസ് 11) 241/04 തീയതി 10.08.04 | |
| 1997-98 | എൽ.എഫ്.ടി.(എസ് 11) 1316/98 തീയതി 05.02.99 | |
| 1998-99 | എൽ.എഫ്.ടി.(എസ് 11) 1570/00 തീയതി 05.03.11 | |
| 1999-2000, 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.(എസ് 11) 1244/03 തീയതി 21.08.04 | |
| 1999-2000 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1251/04 തീയതി 18.05.05 | |
| 2000-01 | എൽ.എഫ്.ടി.(എസ് 11) 1536/07 | |

| | | |
|---|---|---|
| (ജനകീയാസൂത്രണം ഒഴികെ) | തീയതി 07.11.08 | |
| 2001-02 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 2362/07 തീയതി 07.11.08 | |
| 2002-03<br>വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 2363/07 തീയതി 07.11.08 | |
| 2003-04<br>വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1686/07 തീയതി 07.11.08 | |
| 2004-05 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 32/09 തീയതി 21.06.10 | |
| 2005-06 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1388/09 തീയതി 02.07.10 | |
| 2006-07 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1389/09 തീയതി 02.07.10 | |
| 2007-08 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 921/10 തീയതി 23.03.11 | |
| 2008-09 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 922/10 തീയതി 23.03.11 | |
| 2009-10 | എൽ.എഫ്.ടി.(പി 4)1101/12 തീയതി 22.11.12 | |
| 2010-11 | എൽ.എഫ്.ടി.(പി 4)1096/12 തീയതി 21.11.12/13.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി 4)1116/13 തീയതി 04.12.13 | |
| 2012-13 | എൽ.എഫ്.ടി.(പി 8)1035/14 തീയതി 14.11.14/07.01.15 | |
| 2013-14 | എൽ.എഫ്.ടി.(പി 8)193/15 തീയതി 03.08.15/02.06.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 1418/15 തീയതി 07.11.15/ 07.12.15 | |
| `2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 2203/16 തീയതി :<br>20-01-2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1297/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ-20

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:07.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P8)1297/2017

Office of the Joint Director of
Kerala State Audit Department
District Audit Office
Thrissur - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
Dated: 07.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Puthur Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Puthur Grama Panchcyath for the year 2016-17, except the observations stated below and in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur.